പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2122 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ആയുർവേദ ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | തിടനാട് പി.എച്ച്.സി യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റ് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ; | എ) | തിടനാട് പി.എച്ച്.സി യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ്, പ്ലാൻ പദ്ധതി കൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കേണ്ട സമയ പരിധിക്കുള്ളിൽ സർക്കാരിൽ ലഭ്യമായിരുന്നില്ല. നിലവിലെ ആരോഗ്യവകുപ്പിന്റെ പ്ലാൻ പദ്ധതികളിൽ പി.എച്ച്.സി, സി.എച്ച്.സി, എഫ്.എച്ച്.സി കളിലെ പുതിയ കെട്ടിട നിർമ്മാണപ്രവൃത്തികൾക്ക് പ്രത്യേക പദ്ധതികൾ ഒന്നും ഇല്ല. 5 കോടി രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രൊപ്പോസലുകളാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ നിലവിലെ. സാഹചര്യത്തിൽ മേൽ പ്രവൃത്തി LSGD/MLA/MP/NRHM ഫണ്ട് ഉപയോഗ പ്പെടുത്തി നിർവഹിക്കാനുള്ള സാധ്യത ആരായാൻ കോട്ടയം ജില്ല മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | തീക്കോയി ആയുർവേദ ആശുപത്രിയിൽ ഐ.പി വിഭാഗം ഉണ്ടെങ്കിലും തിരുമ്മ് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹ രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ മാക്കാമോ; | ബി) | ഉണ്ട്.<br>തീക്കോയി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ ഐ.പി വിഭാഗത്തിൽ രണ്ട് നേഴ്സ മാരും ഒരു നേഴ്സിംഗ് അസിസ്റ്റന്റും സേവനം അനുഷ്ഠിക്കുന്നു. ടി സ്ഥാപനത്തിൽ തെറാപ്പിസ്റ്റ് തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല.നിലവിൽ നാഷ ണൽ ആയുഷ് മിഷൻ മുഖാന്തിരം രണ്ട് തെറാ പ്പിസ്റ്റ് തസ്തിക കരാർ വ്യവസ്ഥയിൽ അനുവദി ച്ചിട്ടുണ്ട്. ആയതിൽ ഒരു തെറാപ്പിസ്റ്റിനെ കരാർ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയിൽ താത്കാലികമായി നിയമിച്ചിട്ടുണ്ട്, ടിയാൾ 24.01.2019 മുതൽ സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ച് വരുന്നു. രണ്ടാമതായി കരാർ വ്യവസ്ഥയിൽ ഒരു തെറാപ്പിസ്റ്റിനെക്കൂടി നിയമിക്കുന്നതിന് നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | മുണ്ടക്കയം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടില്ലാത്തിനാൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സി) | മുണ്ടക്കയം സി.എച്ച്.സിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടില്ല എന്നാൽ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ